**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1726** **29-09-2025 - ൽ മറുപടിയ്ക്ക്**

**നെല്ലിന്റെ വില കർഷകർക്ക് നൽകുന്നതിലുള്ള കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നെൽ കർഷകരിൽ നിന്നും വിവിധ പാടശേഖര സമിതികൾ വഴി സമാഹരിച്ച നെല്ലിന്റെ വില കർഷകർക്ക് നൽകുന്നതിൽ കാലതാമസം സംഭവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | *വികേന്ദ്രീകൃത നെല്ല് സംഭരണം ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ഈ പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്ന ഏജൻസിയാണ് സപ്ലൈകോ. സർക്കാരിൽ നിന്ന് തുക ലഭിക്കുന്നതുവരെ കർഷകർക്ക് നെല്ലിന്റെ വില സമയബന്ധിതമായി നൽകുന്നതിനായി സർക്കാർ നിർദ്ദേശാനുസരണം ബാങ്കുകളുമായി സപ്ലൈകോ കരാറിലേർപ്പെടുന്നു. തുടർന്ന് കരാറിലേർപ്പെട്ടിരിക്കുന്ന ബാങ്കുകൾ മുഖാന്തിരം പി.ആർ.എസ്. വായ്പയായി സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. സർക്കാരിൽ നിന്നും കർഷകർക്ക് നൽകുവാനുള്ള തുകകൾ സമയബന്ധിതമായി ലഭ്യമാകാത്ത സാഹചര്യത്തിൽ ആ വിടവ് നികത്തുന്നതിനുവേണ്ടി മാത്രമാണ് ചില ബാങ്കുകൾ മുഖേന പി.ആർ.എസ്. (Paddy Receipt Sheet) വായ്പ പദ്ധതി മുഖാന്തിരം സപ്ലൈകോ കർഷകർക്ക് സംഭരണ വില നൽകുന്നത്. സാധാരണഗതിയിൽ കർഷകരിൽനിന്ന് നെല്ല് സംഭരിച്ച സമയം മുതൽ കേന്ദ്ര സർക്കാരിൽ നിന്നും ആയതിന്റെ തുക സപ്ലൈകോയ്ക്ക് ലഭ്യമാകുമ്പോഴേയ്ക്കും 6 മുതൽ 8 മാസം വരെ സമയം എടുക്കാറുണ്ട്. 2024-25 സീസണിൽ കർഷകരുടെ നെല്ല് പരമാവധി വേഗത്തിൽ സംഭരിച്ച് വില അവരുടെ അക്കൗണ്ടുകളിൽ നൽകുന്നതിന് എസ്.ബി.ഐ , കാനറ എന്നീ കൺസോർഷ്യം ബാങ്കുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും, പി.ആർ.എസ് വായ്പാപദ്ധതി പ്രകാരം കർഷകന്റെ ബാങ്ക് അക്കൗണ്ടിൽ നെല്ലിന്റെ വില നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. പി. ആർ.എസ്. പദ്ധതി നടപ്പിലാക്കുന്ന ഏതെങ്കിലും ബാങ്കുകളിൽ കർഷകർക്ക് തുകകൾ കിട്ടുന്നതിൽ പ്രതിസന്ധികൾ എന്തെങ്കിലും ഉണ്ടാകുന്നപക്ഷം സമയ ബന്ധിതമായി* |

| | | | |
|---|---|---|---|
| | | | *ആയതിൽ ഇടപെട്ട് പരിഹാരം കാണാറുണ്ട്. 2024-25 സീസണിൽ 31.07.2025 വരെ കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ വില നല്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.* |
| (ബി) | സമാഹരിക്കുന്ന നെല്ലിന്റെ വില കാലതാമസം കൂടാതെ കർഷകർക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | *വികേന്ദ്രീകൃത നെല്ല് സംഭരണം ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ഈ പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്ന ഏജൻസിയാണ് സപ്ലൈകോ. സർക്കാരിൽ നിന്ന് തുക ലഭിക്കുന്നതുവരെ കർഷകർക്ക് നെല്ലിന്റെ വില സമയബന്ധിതമായി നൽകുന്നതിനായി സർക്കാർ നിർദ്ദേശാ നുസരണം ബാങ്കുകളുമായി സപ്ലൈകോ കരാറിലേർപ്പെടുന്നു. തുടർന്ന് കരാറിലേർപ്പെട്ടിരിക്കുന്ന ബാങ്കുകൾ മുഖാന്തിരം പി.ആർ.എസ്. വായ്പയായി സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. സർക്കാരിൽ നിന്നും കർഷകർക്ക് നൽകുവാനുള്ള തുകകൾ സമയബന്ധിതമായി ലഭ്യമാകാത്ത സാഹചര്യത്തിൽ ആ വിടവ് നികത്തുന്നതിനുവേണ്ടി മാത്രമാണ് ചില ബാങ്കുകൾ മുഖേന പി.ആർ.എസ്. (Paddy Receipt Sheet) വായ്പ പദ്ധതി മുഖാന്തിരം സപ്ലൈകോ കർഷകർക്ക് സംഭരണ വില നൽകുന്നത്. സാധാരണഗതിയിൽ കർഷകരിൽനിന്ന് നെല്ല് സംഭരിച്ച സമയം മുതൽ കേന്ദ്ര സർക്കാരിൽ നിന്നും ആയതിന്റെ തുക സപ്ലൈകോയ്ക്ക് ലഭ്യമാകുമ്പോഴേയ്ക്കും 6 മുതൽ 8 മാസം വരെ സമയം എടുക്കാറുണ്ട്. 2024-25 സീസണിൽ കർഷകരുടെ നെല്ല് പരമാവധി വേഗത്തിൽ സംഭരിച്ച് വില അവരുടെ അക്കൗണ്ടുകളിൽ നൽകുന്നതിന് എസ്.ബി.ഐ , കാനറ എന്നീ കൺസോർഷ്യം ബാങ്കുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും, പി.ആർ.എസ് വായ്പാപദ്ധതി പ്രകാരം കർഷകന്റെ ബാങ്ക് അക്കൗണ്ടിൽ നെല്ലിന്റെ വില നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. പി. ആർ.എസ്. പദ്ധതി നടപ്പിലാക്കുന്ന ഏതെങ്കിലും ബാങ്കുകളിൽ കർഷകർക്ക് തുകകൾ കിട്ടുന്നതിൽ പ്രതിസന്ധികൾ എന്തെങ്കിലും ഉണ്ടാകുന്നപക്ഷം സമയ ബന്ധിതമായി ആയതിൽ ഇടപെട്ട് പരിഹാരം കാണാറുണ്ട്. 2024-25 സീസണിൽ 31.07.2025 വരെ കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ വില നല്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.* |

സെക്ഷൻ ഓഫീസർ